# ‘മനുഷ്യരോടെന്നതുപോലെ ഞങ്ങളോടു പെരുമാറുക’

## ഖത്തറിലെ കുടിയേറ്റ തൊഴിലാളികള്

AMNESTY INTERNATIONAL




*“ദയവു ചെയ്ത് ഞങ്ങളെ സഹായിക്കൂ. ഞങ്ങളുടെ കമ്പനി നാലു മാസമായി ഞങ്ങള്ക്ക് ശമ്പളം നല്കുന്നില്ല. ആഹാരം കഴിക്കുവാനും വാടക കൊടുക്കാനും പോലും ഞങ്ങളുടെ കൈയില് പണമില്ല. ലേബര് ഓഫീസില് പോകുകയാണെങ്കില് ഞങ്ങളുടെ ജോലി പോകും. ഞങ്ങളെ സഹായിക്കാന് കഴിയുന്ന ആര്ക്കെങ്കിലും ദയവായി ഈ മെയില് അയയ്ക്കുക.”*

ഖത്തറിലെ തൊഴിലാളികളില് നിന്നും ആംനെസ്റ്റി ഇന്റര്നാഷണലിനു 2013 ജൂലൈയില് ഇ-മെയില് ആയി ലഭിച്ചത്.

ഏകദേശം 1.35 ദശലക്ഷം വിദേശികള് - ഭൂരിഭാഗവും ബംഗ്ലാദേശ്, ഇന്ത്യ, നേപ്പാള്, പാകിസ്ഥാന്, ഫിലിപ്പൈന്സ്, ശ്രീലങ്ക തുടങ്ങിയ ഏഷ്യന് രാജ്യങ്ങളില് നിന്നുള്ളവര് - ഖത്തറില് തൊഴിലെടുക്കുന്നുണ്ട്. രാജ്യത്തെ തൊഴില് ശക്തിയുടെ 94 ശതമാനവും കുടിയേറ്റ തൊഴിലാളികളാണ്. രാജ്യത്തെ ജനസംഖ്യ ഗണനീയമായ നിരക്കില് വളര്ന്നുകൊണ്ടിരിക്കുകയാണ്. ഇന്ഫ്രാസ്ട്രക്ചര് വികസനത്തിനായി കുറഞ്ഞ വേതനത്തില് കുടിയേറ്റ തൊഴിലാളികളെ നിയമിക്കുന്നതാണ് ഇതിന്റെ പ്രധാന കാരണങ്ങളില് ഒന്ന്. ഇനി വരുന്ന കാലങ്ങളിലും ഇത് വര്ദ്ധിക്കാനാണ് സാധ്യത. കാരണം, 2022-ല് ഖത്തര് ഫിഫ വേള്ഡ് കപ്പിന് ആതിഥേയത്വം വഹിക്കുകയാണ്. ആയതിനാല്, മുമ്പത്തേക്കാളും ഇപ്പോഴാണ് നിയമം, സംവിധാനങ്ങള്, വഴക്കങ്ങള് എന്നിവ കുടിയേറ്റ തൊഴിലാളികളുടെ മനുഷ്യാവകാശങ്ങള്ക്കായി കൂടുതല് പ്രാവര്ത്തികവും ഫലപ്രദവുമാക്കേണ്ടത് അത്യാവശ്യമായി വരുന്നത്. പക്ഷേ, ആംനെസ്റ്റി ഇന്റര്നാഷണലിന്റെ പഠനങ്ങള് കാണിക്കുന്നത് കാര്യങ്ങള് ഇതില് നിന്നെല്ലാം വളരെ അകലെ ആണെന്നാണ്.

ഖത്തറിലെ കുടിയേറ്റ തൊഴിലാളികള് തൊഴിലുടമകളില് നിന്നും വിവിധ തരങ്ങളിലുള്ള പീഡനങ്ങള്ക്ക് വിധേയരാകുന്നുണ്ട്. ആംനെസ്റ്റി ഇന്റര്നാഷണല് അന്വേഷിച്ച ചില കേസുകളില്, ഇത്തരം പീഡനങ്ങളില് നിര്ബന്ധിച്ചുള്ള തൊഴിലെടുപ്പിക്കല്, ആളുകളെ കടത്തല് എന്നിവ വരെ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ചില കേസുകളില്, ജോലി, ശമ്പളം, ജോലി സമയം, തൊഴിലവസ്ഥകള് എന്നിവ വാഗ്ദാനം ചെയ്തതില് നിന്നും വളരെയേറെ വ്യത്യസ്തമായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. ചില കുടിയേറ്റ തൊഴിലാളികളുടെ തൊഴിലുടമകള് ശമ്പളം വച്ചു താമസിപ്പിക്കുകയോ അല്ലെങ്കില് നല്കാതിരിക്കുകയോ ചെയ്യാറുണ്ട്. അവര്ക്കു നല്കിയിരിക്കുന്ന താമസസൗകര്യങ്ങള് ഞെട്ടിപ്പിക്കുന്ന തരത്തില് പരിതാപകരമാണ്. തൊഴിലാളികള് മറ്റു ജോലികള് അന്വേഷിക്കുന്നതും രാജ്യം വിട്ടുപോകുന്നതു തടയാനും തൊഴിലുടമകള്ക്ക് അധികാരമുണ്ട്. ഇത് തൊഴിലാളികളെ രാജ്യത്തു തന്നെ കുരുക്കിയിടുന്നു. തൊഴിലുടമകള് റസിഡന്റ് പെര്മിറ്റുകള് പുതുക്കിയില്ലെങ്കില്, തെരുവില് പോലീസ് തടഞ്ഞാല് നിയമവിരുദ്ധ




മേപ്പില് സ്ഥലങ്ങളുടെയും അതിരുകളുടെയും പൊതുവായ ലൊക്കേഷനുകള് ആണു സൂചിപ്പിക്കുന്നത്. നിറം നല്കിയിട്ടുള്ള ഭാഗങ്ങള് ഈ പ്രദേശങ്ങളുടെ ഭരണ നിയന്ത്രണമാണ് പ്രതിഫലിക്കുന്നത് അതിരുകളില് അല്ലെങ്കില് തര്ക്കമുള്ള ഭാഗങ്ങളില് ആംനസ്റ്റി ഇന്റര്നാഷണലിന്റെ കാഴ്ചപ്പാടായി ഇതിനെ വ്യാഖ്യാനിക്കരുത്.




**_മുകളില്_ : ഇന്ത്യയില് നിന്നും ശ്രീലങ്കയില് നിന്നുമുള്ള പതിനൊന്ന് ആളുകള് ഖത്തര് മിനിസ്ട്രി ഓഫ് ജസ്റ്റീസില്, തങ്ങള്ക്കു കിട്ടാനുള്ളതെല്ലാം കിട്ടി എന്നുകാണിക്കുന്ന വ്യാജ അവകാശപത്രത്തില് ഒപ്പിടാനും പേപ്പറുകള് വാങ്ങി നാട്ടിലേക്ക് പോകാനും കാത്തിരിക്കുകയാണ്. ഈ പുരുഷന്മാര്ക്ക് എട്ടുമാസമായി ശമ്പളം കിട്ടിയിട്ടില്ല. പക്ഷെ അവര്ക്കു നാട്ടിലേക്ക് തിരികെ പോയാല് മതി. രണ്ടു ദിവസമായി ഭക്ഷണം കഴിച്ചിട്ടില്ലെന്നും വൈദ്യുതിയോ കുടിവെള്ളമോ ഇല്ലാത്ത സ്ഥലത്താണ് താമസിക്കുന്നതെന്നും അവര് ആംനസ്റ്റി ഇന്റര്നാഷണലിനോട് പറഞ്ഞു. ദോഹ, 2013.**



തൊഴിലാളികള് എന്നു സംശയിച്ച് അറസ്റ്റു ചെയ്യപ്പെടാം എന്ന അപകടവും തൊഴിലാളികള് അഭിമുഖീകരിക്കുന്നുണ്ട്.

കുടിയേറ്റ തൊഴിലാളികള്ക്ക് അവരുടെ മാനുഷികാവകാശങ്ങള് നിഷേധിക്കുന്നത് ഖത്തറിലെ കുടിയേറ്റ തൊഴിലാളികളുടേയും അവരെ മാത്രം ആശ്രയിച്ച് നാട്ടില് കഴിയുന്ന അവരുടെ കുടുംബങ്ങളുടേയും കഠിനവും ദീര്ഘവുമായ കഷ്ടപ്പാടുകള്ക്ക് കാരണമാകും, ശരിയായ ആഹാരം, വൈദ്യുതി, കുടിവെള്ളം, ആവശ്യമായ ശുചിത്വം എന്നിവയൊന്നുമില്ലാതെ ദയനീയ അവസ്ഥയില് കഴിയുന്ന തൊഴിലാളികളെയും ആംനെസ്റ്റി ഇന്റര്നാഷണല് കണ്ടുമുട്ടിയിട്ടുണ്ട്. അവരില് പലര്ക്കും വീട്ടില് തിരികെ പോയാലും അവരുടെ കഷ്ടപ്പാടുകള് അവസാനിക്കില്ല, കാരണം, മാസങ്ങളുടേയും വര്ഷങ്ങളുടേയും അദ്ധ്വാനത്തിനു ശേഷം ലോകത്തിലെ സമ്പന്ന രാഷ്ട്രങ്ങളില് ഒന്നായ ഇവിടെ നിന്നും അവര് മടങ്ങുന്നത് ഒഴിഞ്ഞ കൈകളോടെയും നിറഞ്ഞ ബാധ്യതകളോടെയുമായിരിക്കും.

ഇത്തരം ചൂഷണങ്ങളില് നിന്നും കുടിയേറ്റ തൊഴിലാളികളെ രക്ഷിക്കേണ്ട തൊഴില് നിയമം, വളരെ ദുര്ബലമായി നടപ്പിലാക്കപ്പെടുകയും വീട്ടുജോലിക്കാര് തുടങ്ങിയ വിഭാഗങ്ങളെ ഇതില് നിന്നും ഒഴിവാക്കുകയും ചെയ്യുന്നു. തല്ഫലമായി ചൂഷകരായ തൊഴിലുടമകള് വളരെ അപൂര്വമായി മാത്രമേ പിടിക്കപ്പെടുന്നുള്ളൂ.

തൊഴില് മന്ത്രാലയത്തിലേയും ഇന്റീരിയര് മന്ത്രാലയത്തിലേയും പല ഉദ്യോഗസ്ഥരും കുടിയേറ്റ തൊഴിലാളികളുടെ സംരക്ഷണത്തെക്കുറിച്ച് വളരെ പോസിറ്റീവ് ആയിട്ടുള്ള പ്രസ്താവനകള് ഇറക്കിയിട്ടുണ്ട്.

ഈ പീഡനങ്ങള്ക്ക് പരിഹാരമുണ്ടാക്കാന് നടപടികള് തീര്ച്ചയായും നിര്ദ്ദേശിക്കപ്പെട്ടിട്ടുണ്ട്. എന്നാല് ഇത്തരം നടപടികള് നടപ്പിലാക്കുകയോ അന്താരാഷ്ട്രാ നിലവാരങ്ങള്ക്കൊത്ത് ഉയരുകയോ ചെയ്തിട്ടില്ല.

ഈ ബ്രീഫിംങ്ങ്, സാധാരണയായി പീഡനത്തിന് ഇരയാകുന്ന രണ്ടു വിഭാഗം ആളുകളില് ശ്രദ്ധ കേന്ദ്രീകരിക്കുന്നു: നിര്മ്മാണ തൊഴിലാളികളും വീട്ടു ജോലിക്കാരും. ഖത്തറിലെ നിയമ വ്യവസ്ഥകള് എങ്ങനെ തൊഴിലാളികളെ പീഡനത്തിനു വിധേയമാക്കുന്നു എന്നും അവ തൊഴിലാളികളെ പീഡിപ്പിക്കുവാന് തൊഴിലുടമകളെ എങ്ങനെ സഹായിക്കുന്നു എന്നും ഇതു പരിശോധിക്കുന്നു. ആംനെസ്റ്റി ഇന്റര്നാഷണല് ഖത്തറില് സന്ദര്ശനം നടത്തുകയും, കുടിയേറ്റ തൊഴിലാളികള്, അവകാശങ്ങള്ക്കു വേണ്ടി പോരാടുന്നവര്, റിക്രൂട്ട് മെന്റ് ഏജന്സികള്, ഹയറിംഗ് കമ്പനികള്, സര്ക്കാര് ഉദ്യോഗസ്ഥര് എന്നിവരുമായി കൂടീക്കാഴ്ച നടത്തുകയും ചെയ്തു. ഖത്തറി അധികാരികളെ കണ്ട്, രാജ്യത്ത് തൊഴിലെടുക്കുന്ന കുടിയേറ്റ തൊഴിലാളികളുടെ മാനുഷിക അവകാശങ്ങള് സംരക്ഷിക്കാനാവശ്യമായ നിര്ദ്ദേശങ്ങള് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

## സ്പോണ്സര്ഷിപ്പ് നിയമം

*"സ്പോണ്സര്ഷിപ്പ് നിയമങ്ങളുടെ മൗലിക സ്വഭാവം, കുടിയേറ്റ തൊഴിലാളികള്ക്ക് തൊഴിലുടമകളോടുള്ള വിധേയത്വം വര്ദ്ധിപ്പിച്ച് അവരെ വിവിധ തരത്തിലുള്ള പീഡനങ്ങള്ക്കും ചൂഷണങ്ങള്ക്കും വിധേയമാക്കുക എന്നതാണ്."*

യുഎന്നിന്റെ വര്ഗീയ വിവേചന നിര്മ്മാര്ജന കമ്മിറ്റിയുടെ നിരീക്ഷണങ്ങള്, ഖത്തര്, മാര്ച്ച് 2012.

ഖത്തറില് ജോലി ചെയ്യുന്ന എല്ല വിദേശികള്ക്കും സ്പോണ്സര്ഷിപ്പ് നിയമത്തിന്റെ വ്യവസ്ഥകള് ബാധകമാണ്. വിദേശ തൊഴിലാളികളെ ഒരു വ്യക്തിയോ അല്ലെങ്കില് ഖത്തറില് സ്ഥാപിക്കപ്പെട്ട കമ്പനിയോ ആയ ഒരു 'സ്പോണ്സറി'ല്മാത്രം ഉറപ്പിച്ചു നിര്ത്തുകയാണ് സത്യത്തില് സ്പോണ്സര്ഷിപ്പ് സംവിധാനം ചെയ്യുന്നത്.

ഈ നിയമത്തിന് കീഴില്, തൊഴിലുടമയ്ക്ക് തൊഴിലാളികളെ ജോലി മാറുന്നതില് നിന്ന് തടയാനും അവര് രാജ്യം വിടുന്നതു തടയാനും റെസിഡന്റ് പെര്മിറ്റ് റദ്ദാക്കാനും കഴിയും. തൊഴിലുടമയുടെ സഹകരണമില്ലാതെ തൊഴിലാളികള്ക്ക് റെസിഡന്സി പെര്മിറ്റുകള് ("ഐഡി" എന്നും അറിയപ്പെടുന്നു) നേടുവാനോ പുതുക്കുവാനോ കഴിയില്ല. ഈ പെര്മിറ്റുകള് ഇല്ലാത്തവര് അറസ്റ്റ് എന്ന അപകട സാധ്യതയും എപ്പോഴും അഭിമുഖീകരിക്കുന്നു.

*"കുറേ പേര് ഐഡി ഇല്ലാത്തതിന്റെ പേരില് ജയിലിലാണ്, മറ്റുള്ളവരെ പോകാന് അനുവദിച്ചു. അതുകൊണ്ടാണ് ഞങ്ങള് പുറത്തു പോലും ഇറങ്ങാത്തത്."*

കുടിയേറ്റ തൊഴിലാളി, മാര്ച്ച് 2013.

തൊഴിലാളികളുടെ റസിഡന്റ് പെര്മിറ്റ് നേടിക്കഴിഞ്ഞാലുടന് തൊഴിലുടമ തൊഴിലാളിയുടെ പാസ്പോര്ട്ട് തിരികെ നല്കേണ്ടതാണ്, പക്ഷേ, ഭൂരിഭാഗം പേരും അങ്ങനെ ചെയ്യാറില്ല.

ആംനെസ്റ്റി ഇന്റര്നാഷണല് സംസാരിച്ച ഭൂരിഭാഗം തൊഴിലാളികളും പ്രതികാര നടപടികള് ഭയന്ന് തങ്ങളുടെ തൊഴിലുടമകളുടെ പീഡനങ്ങള് എതിര്ക്കുവാന് കഴിയാത്തവരാണ് എന്നാണ്



സംഘടനയ്ക്ക് മനസിലായത്. തൊഴിലുടമയ്ക്ക് തൊഴിലാളികളെ ഭീഷണിപ്പെടുത്തി നിര്ബന്ധിച്ച് ജോലി ചെയ്യിച്ച്, അവര്ക്ക് രാജി വയ്ക്കാനും രാജ്യത്തിനു പുറത്തു പോകാനും തൊഴിലുടമയ്ക്കെതിരെ നിയമ നടപടികള് എടുക്കാന് കഴിയുന്ന സമയത്തും അവരെ ജോലി ചെയ്യാന് നിര്ബന്ധിതരാക്കുന്നതിന് സ്പോണ്സര്ഷിപ്പ് നിയമങ്ങള് തൊഴിലുടമകള്ക്ക് സഹായകരമാകുന്നു. തൊഴിലുടമകള്ക്ക് "ഒളിച്ചോടിപ്പോയവര്" എന്നു റിപ്പോര്ട്ട് കൊടുത്താല് മാത്രം മതി. തൊഴിലുടമകളുടെ അനുവാദമില്ലാതെ പിരിഞ്ഞു പോയവരെ "ഒളിച്ചോടിപ്പോയവര്" എന്നാണ് ഖത്തറി സര്ക്കാര് സൂചിപ്പിക്കുന്നത്. ഇക്കാരണത്താല് തൊഴിലുടമകളുടെ ക്രൂരത സഹിക്കാതെ ഓടിപ്പൊയവര് കാരാഗൃഹവാസം അനുഭവിക്കേണ്ടിയും ഭീമമായ പിഴ അടയ്ക്കേണ്ടതായും വരും, പിന്നെ കയറ്റിവിടപ്പെടുകയും ചെയ്യും. തൊഴിലുടമയുടെ സമ്മതമില്ലാതെ ജോലി മാറാന് കഴിയാതിരിക്കുന്നവര്, വാഗ്ദാനം ചെയ്തതു പോലെ ജോലിയും ശമ്പളവുമില്ലെങ്കില്ത്തന്നെയും ജോലി ചെയ്യാന് നിര്ബന്ധിതരായിത്തീരുന്നത്, അവര് ഗള്ഫിലേയ്ക്കു പോകാന് കടം വാങ്ങിയ പണം തിരികെക്കൊടുക്കാന് വേണ്ടി മാത്രമാണ്.

## എക്സിറ്റ് പെര്മിറ്റുകള്

സ്പോണ്സര്ഷിപ്പ് നിയമ പ്രകാരം, ഒരു തൊഴിലാളിയ്ക്ക് രാജ്യം വിടണമെങ്കില് അയാളുടെ തൊഴില് ഉടമയില് നിന്നും എക്സിറ്റ് പെര്മിറ്റ് നേടിയിരിക്കേണ്ടത് അത്യാവശ്യമാണ്. ഇതു കാരണം നാട്ടില് തിരികെ പോകുന്നതിനും കരാര് തീരുമ്പോഴും വാര്ഷിക അവധിയ്ക്കും പോകുന്നതിനും തൊഴിലുടമകളുടെ ദയ ഇരക്കേണ്ട ഗതികേടിലാകും തൊഴിലാളികള്. യാത്രയുടെ നടപടിക്രമങ്ങള് പൂര്ത്തിയാകാന് കാലതാമസം എടുക്കുന്നുവെന്ന കാരണം കാണിച്ച് അവരെ കൂടുതല് കാലം ജോലി ചെയ്യിക്കാന് തൊഴിലുടമയ്ക്കാകും.

ഈ എക്സിറ്റ് പെര്മിറ്റ്, പീഡനത്തിനു വിധേയരാകുന്ന തൊഴിലാളികളെ, തൊഴിലുടമയ്ക്കെതിരെ നടപടിയെടുക്കുന്നതില് നിന്നും പിന്തിരിപ്പിക്കുന്നു.

തൊഴിലുടമയ്ക്ക് എക്സിറ്റ് പെര്മിറ്റ് നല്കാന് കഴിയാത്ത അല്ലെങ്കില് വിസമ്മതിക്കുന്ന സാഹചര്യത്തില്, തൊഴിലാളികളെ രാജ്യം വിടാന് അനുവദിക്കുന്ന നടപടിക്രമങ്ങള് വളരെ അവ്യക്തവും, സങ്കീര്ണ്ണവും ദൈര്ഘ്യമേറിയതുമാണ്. ഖത്തറി സര്ക്കാര് തന്നെ പരസ്യമായി സമ്മതിച്ചതാണ് എക്സിറ്റ് പെര്മിറ്റ് സാധിക്കാന് പ്രയാസമുള്ള കാര്യമാണെന്ന്.

*"നിലവിലെ രൂപത്തില് എക്സിറ്റ് പെര്മിറ്റ് സംവിധാനം നിലനിര്ത്തുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്.... അത് അടിമത്തം പോലെയാണ്. ഇത് ഇതുപോലെ നിലനിര്ത്താന് സാധ്യമല്ല."*

മുന് പ്രധാന മന്ത്രി ഷേക്ക് ഹമദ് ബിന് ജാസിം ബിന് ജബോര് അല് തനി, 2007



© ആംനെസ്റ്റി ഇന്‍റര്‍നാഷണല്‍

**ദോഹയിലെ ഇന്‍ഡസ്ട്രിയല്‍ ഏരിയയിലെ പ്രവാസി തൊഴിലാളികള്‍ അവരുടെ ഒഴിവു ദിവസത്തില്‍, 2013.**

സ്പോണ്‍സര്‍മാരുടെ "നെഗറ്റീവ് പ്രാക്ടീസുകള്‍, രാജ്യം വിടുന്നതിനുള്ള എക്സിറ്റ് പെര്‍മിറ്റ് നേടാനുള്ള തൊഴിലാളികളുടെ അവകാശത്തെ അന്യായമായി തടഞ്ഞു വയ്ക്കുകയാണെന്ന്" ഖത്തറിലെ മനുഷ്യാവകാശ സമിതിയും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, 2009-ല്‍ പുതിയ സ്പോണ്‍സര്‍ഷിപ്പ് നിയമം പുതുക്കിയപ്പോള്‍ പഴയ നിയമം തന്നെ നിലനിര്‍ത്തുകയാണ് ഉണ്ടായത്.

എക്സിറ്റ് പെര്‍മിറ്റ് സംവിധാനം, യാത്ര ചെയ്യാനുള്ള മനുഷ്യന്‍റെ മൗലിക അവകാശത്തിന്‍റെ ലംഘനവും തൊഴില്‍ നിയമങ്ങളുടെ ദുരുപയോഗവുമാണെന്ന് ആംനെസ്റ്റി ഇന്‍റര്‍നാഷണല്‍ വിശ്വസിക്കുന്നു. ചില സന്ദര്‍ഭങ്ങളില്‍ ഇത് നിര്‍ബന്ധിത ജോലിയ്ക്കായും ഉപയോഗിക്കുന്നു (താഴെ കാണുക).

## കേസ് സ്റ്റഡി

*"മനസില്‍ ഒരുപാടു സ്വപ്നങ്ങളുമായി ഖത്തറിലെത്തിയ ഏകദേശം 100 ഇന്ത്യന്‍ തൊഴിലാളികളോടു നിങ്ങള്‍ പെരുമാറിയ രീതിയോടുള്ള ഞങ്ങളുടെ അതൃപ്തി അറിയിക്കുവാന്‍ ഞങ്ങള്‍ താല്‍പര്യപ്പെടുകയാണ്. മാസങ്ങളോളം ശമ്പളം കൊടുക്കാതിരിക്കുക മാത്രമല്ല നിങ്ങള്‍ ചെയ്യുത്. പിഴ ഒടുക്കുവാനും ഇന്ത്യയിലേയ്ക്കു തിരികെ പോകാനും അവരെക്കൊണ്ട് ഇന്ത്യയില്‍ നിന്നും പണം വരുത്തിക്കുകയും ചെയ്യു."*

ദോഹയിലെ ഇന്ത്യന്‍ എംബസിയിലെ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷന്‍ ഒരു കമ്പനിയ്ക്കെഴുതിയ കത്ത്, 21, മേയ് 2013.

അടുത്തിടെ പൂര്‍ത്തിയായ റാസ് ലഫാന്‍ എമര്‍ജെന്‍സി ആന്‍റ് സേഫ്റ്റി കോളേജ്, ഖത്തറിന്‍റ തലസ്ഥാനമായ ദോഹയില്‍ നിന്നും ഏകദേശം 50 മിനുട്ട് ഡ്രൈവ് മാത്രം അകലെയാണ്. ഖത്തറി അധികാരികളുടെ അഭിമാനസ്തംഭമായ ഇത് എല്ലാ സൗകര്യങ്ങളുടേയും ഉറവിടമാണ്. പക്ഷേ, ഈ കാംപസ് നിര്‍മ്മിക്കുവാന്‍ ഇന്ത്യ, ശ്രീലങ്ക, നേപ്പാള്‍ എന്നീ രാജ്യങ്ങളില്‍ നിന്നും എത്തിയ കുടിയേറ്റ തൊഴിലാളികള്‍ നീണ്ടു നില്‍ക്കുന്ന യാതനകള്‍ക്കും ആവര്‍ത്തിച്ചാവര്‍ത്തിച്ചുള്ള മനുഷ്യാവകാശ ലംഘനങ്ങള്‍ക്കും ഇരയായി.

തൊഴിലാളികള്‍ എന്ന നിലയിലുള്ള അവരുടെ നേട്ടങ്ങളും അവരോടുള്ള പെരുമാറ്റവും തമ്മിലുള്ള അന്തരം അത്ര മഹത്തരമായിരുന്നില്ല. 2012 മധ്യത്തോടെ കമ്പനി അവര്‍ക്ക് ശമ്പളം നല്‍കാതെയായി. ആഹാരത്തിനും മറ്റ് ആവശ്യങ്ങള്‍ക്കുമായി അവര്‍ വളരെയധികം കഷ്ടപ്പെട്ടു. 2012 നവംബറില്‍, മാസങ്ങളോളം ശമ്പളം ലഭിക്കാതിരുന്ന തൊഴിലാളികള്‍ ജോലി നിര്‍ത്തി വച്ച് തിരികെപോരാന്‍ തീരുമാനിച്ചു. തിരികെപ്പോരുന്ന ആളുകളോട് കമ്പനി നടത്തിയിരുന്ന വാഗ്ദാനങ്ങളൊന്നും കമ്പനി പാലിച്ചില്ല. ടിക്കറ്റും എക്സിറ്റ് പെര്‍മിറ്റും അനുവദിച്ചില്ല. പാസ്പോര്‍ട്ട് തിരികെ നല്‍കിയില്ല. കമ്പനിയിലെ ഭൂരിഭാഗം തൊഴിലാളികള്‍ക്കും ശരിയായ റെസിഡന്‍റ് പെര്‍മിറ്റ് ഏര്‍പ്പെടുത്താന്‍ പോലും കമ്പനിയ്ക്കു കഴിഞ്ഞില്ല. അതു കാരണം തൊഴിലാളികള്‍ ഭീമമായ പിഴകള്‍ ഒടുക്കേണ്ടി വരുകയും അവരുടെ താമസ സ്ഥലത്തെ വാതിലിനു പുറത്തിറങ്ങിയാല്‍പ്പോലും അറസ്റ്റ് നേരിടുകയും ചെയ്യുക എന്ന ഭീതിദമായ അവസ്ഥയില്‍ എത്തിച്ചേരുകയും ചെയ്യു.

"എന്‍റെ പാസ്പോര്‍ട്ട് കമ്പനിയുടെ പക്കലാണ്. ഇമിഗ്രേഷന്‍ ലഭിക്കുന്നതു വരെ അത് എനിക്കു തിരികെ ലഭിക്കില്ല,... 2011 ഫെബ്രുവരിയില്‍ കാലാവധി കഴിഞ്ഞ എന്‍റെ [റസിഡന്‍റ്] പെര്‍മിറ്റിന് 3000 റിയാല്‍ [824 യുഎസ് ഡോളര്‍] പിഴയും ഒടുക്കണം. ഈ പിഴ അടച്ചെങ്കില്‍ മാത്രമേ എനിക്കു തിരികെ പോരാന്‍ കഴിയൂ എന്നാണ് കമ്പനി പറയുന്നത്."

കുടിയേറ്റ തൊഴിലാളി, മാര്‍ച്ച് 2013.

തൊഴില്‍ മന്ത്രാലയം ഉള്‍പ്പെടെ ഖത്തറിലെ സംഘടനകളെ സമീപിച്ച് തൊഴിലാളികള്‍ ആവര്‍ത്തിച്ചാവര്‍ത്തിച്ച് സഹായമഭ്യര്‍ത്ഥിച്ചു. പക്ഷേ ഒരു പ്രയോജനവുമുണ്ടായില്ല. 2013-ന്‍റെ ആദ്യത്തെ കണക്കനുസരിച്ച് ഡസന്‍ കണക്കിനു തൊഴിലാളികളാണ് ശമ്പളമില്ലാതെയും തിരികെപ്പോകാന്‍ മാര്‍ഗമില്ലാതെയും ഖത്തറില്‍ കുടുങ്ങിക്കിടക്കുന്നത്. 2013 ഫെബ്രുവരിയില്‍ ആംനെസ്റ്റി ഇന്‍റര്‍നാഷണല്‍ ഈ തൊഴിലാളികളുമായി സംസാരിക്കുകയുണ്ടായി. സാഹചര്യങ്ങളുടെ സമ്മര്‍ദ്ദം മൂലവും തന്നെ മാത്രം ആശ്രയിച്ചു കഴിയുന്ന വീട്ടുകാരെ സഹായിക്കാന്‍ കഴിയാത്തതിലുള്ള ബുദ്ധിമുട്ടും കാരണം നിരാശരായ അവര്‍ വളരെയധികം മാനസിക സമ്മര്‍ദ്ദം അനുഭവിക്കുന്നതായി മനസിലാക്കി.

"തിരികെ വരാന്‍ പറഞ്ഞ് എന്‍റെ ഭാര്യ എല്ലാദിവസവും കരയുകയാണ്... സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ് ഞങ്ങള്‍. എന്‍റെ കുട്ടികള്‍ എന്നും ചോദിക്കും അച്ഛന്‍ എന്നാണ് തിരികെ വരുന്നതെന്ന്."

ഒരു നിര്‍മ്മാണ കമ്പനിയില്‍ തൊഴിലാളിയായിരുന്ന 44 വയസുള്ള ഒരു ഇന്ത്യന്‍ വെല്‍ഡര്‍, മേയ് 2013.

2013 ഫെബ്രുവരിയില്‍, ആംനെസ്റ്റി ഇന്‍റര്‍നാഷണല്‍, തൊഴിലാളികളുടെ ഈ ദുരിത കഥ വിദേശ മന്ത്രാലയം, തൊഴില്‍ മന്ത്രാലയം, ഇന്‍റീരിയര്‍ മന്ത്രാലയം, ദേശീയ മനുഷ്യാവകാശ സമിതി എന്നിവരെ അറിയിക്കുകയുണ്ടായി. തൊഴിലാളികളുടെ ഈ അവസ്ഥയ്ക്ക് അടിയന്തിര പരിഹാരം ഉണ്ടാക്കാന്‍ അവരോട് ആവശ്യപ്പെട്ടു. 2013 മാര്‍ച്ച് ആദ്യം, ഏകദേശം 30 - 40 തൊഴിലാളികളെ നാട്ടിലേയ്ക്ക് തിരികെ അയയ്ക്കാന്‍ കഴിഞ്ഞു. കൂടുതല്‍ പേര്‍ക്കും പിഴ അടയ്ക്കേണ്ടിയും ടിക്കറ്റിന്‍റെ പണം നല്‍കേണ്ടിയും വന്നു. ചിലര്‍ക്ക്, കമ്പനി അവരുടെ പാസ്പോര്‍ട്ട് തിരികെ നല്‍കുന്നതിനു മുമ്പ്, എല്ലാ ആനുകൂല്യങ്ങളും കുടിശ്ശികകളും ശമ്പളം മുഴുവനും ലഭിച്ചുവെന്നും സമ്മതിച്ചു കൊണ്ട് പേപ്പറുകളില്‍ ഒപ്പിടേണ്ടി വന്നു - പക്ഷേ വളരെ ചുരുക്കം ചിലര്‍ക്കു മാത്രമേ തിരികെപ്പോകുന്നതിനു മുമ്പ് കുറെയെങ്കിലും ശമ്പള കുടിശ്ശിക ലഭിച്ചുള്ളൂ.

അവസാനത്തെ മൂന്നു തൊഴിലാളികള്‍, അവരുടെ ശമ്പളം നിര്‍ത്തിയതിനു ഒരു വര്‍ഷത്തിനു ശേഷം 2013 ഫെബ്രുവരിയില്‍ നാട്ടിലേയ്ക്കു തിരിച്ചു.



**ഭുപേന്ദ്ര, നേപ്പാളില് നിന്നുള്ള ഒരു പ്രവാസി തൊഴിലാളി. ഖത്തര്, മാര്ച്ച് 2013. ജൂണ് 2011 ല് ജോലി സ്ഥലത്തുണ്ടായ അപകടത്തില് പൂര്ണ്ണമായ വൈകല്യം സംഭവിച്ചു. ഇപ്പോള് ഖത്തറില് ശമ്പളമില്ലാതെ ജീവിക്കുന്നു, ഖത്തര് കോടതി വ്യവസ്ഥയില് നഷ്ടപരിഹാരത്തിനുള്ള പോരാട്ടം നടക്കുന്നു. ജൂലായ് 2013 ല് നഷ്ടപരിഹാരം ലഭിച്ച ഇദ്ദേഹം നാട്ടിലേക്കു മടങ്ങി**

## വിട്ടുപോകാന് കഴിയുന്നില്ല, തങ്ങിയാല് അപകടം

തൊഴിലുടമകള് തൊഴിലാളികളുടെ പാസ്പോര്ട്ട് കണ്ടുകെട്ടുന്നത് നിയമ വിരുദ്ധമാണ്. അന്യായമായി പാസ്പോര്ട്ട് തടഞ്ഞു വയ്ക്കപ്പെട്ടാല് തൊഴിലാളിയ്ക്ക് പരാതി നല്കാവുന്നതാണ് എന്ന് ഇന്റീരിയര് മന്ത്രാലയം അറിയിച്ചിട്ടുള്ളതാണ്. പക്ഷേ ഭൂരിഭാഗം കേസുകളിലും, മന്ത്രാലയത്തെ സമീപിച്ചാലും തൊഴിലാളികള്ക്ക് രാജ്യം വിട്ട് സ്വന്തം നാട്ടിലെത്താന് അനന്തമായി കാത്തിരിക്കേണ്ട അവസ്ഥയാണ് ഉള്ളത്.

റെസിഡെന്റ് പെര്മിറ്റുകള് യഥാസമയം തന്നെ പുതുക്കേണ്ടതാണ്. ഇതു ചെയ്യുന്നതിന് തൊഴിലുടമ പരാജയപ്പെട്ടാല്, പിഴ ചുമത്തും. ഈ പണം, തൊഴിലാളികള് ഖത്തര് വിട്ടുപോകാനുള്ള അനുമതി ലഭിക്കുന്നതിനു മുമ്പ് നല്കേണ്ടതാണ്. തൊഴിലുടമകള്ക്ക് ഈ പിഴ അടയ്ക്കാന് കഴിയാതെ വരികയോ അല്ലെങ്കില് അടയ്ക്കാതിരിക്കുകയോ ചെയ്താല്, വീട്ടില് പോകണമെന്നുണ്ടെങ്കില് തൊഴിലാളികള് തന്നെ ഇത് അടയ്ക്കേണ്ടി വരും. മതിയായ റെസിഡന്റ് പെര്മിറ്റുകള് ഇല്ലാത്തവര്, ഐഡി പരിശോധന സമയത്ത് അറസ്റ്റ് ചെയ്യപ്പെട്ടേക്കാം, ഇളവുകളുള്ള, അടിയന്തിരമല്ലാത്ത ആരോഗ്യ പരിചരണം (അടിയന്തിര ചികിത്സയ്ക്ക് ഹെല്ത്കാര്ഡുകള് ആവശ്യമില്ല) ലഭ്യമാകുന്ന ഹെല്ത്കാര്ഡുകളും ലഭിക്കുകയില്ല. വിദേശികളെ മാത്രം ബാധിക്കുന്നതു കൊണ്ട്, ചികിത്സ നേടുന്നതിന് നിയന്ത്രണം ഏര്പ്പെടുത്തുന്ന ഇപ്പോഴത്തെ സംവിധാനം വിവേചനപരമാണെന്നാണ് ആംനെസ്റ്റി ഇന്റര്നാഷണല് കരുതുന്നത്.

സ്പോണ്സര്ഷിപ്പ് നിയമം പുനഃപരിശോധിക്കാനായി ഒരു സമിതിയെ നിയമിക്കുമെന്ന ഖത്തറി സര്ക്കാരിന്റെ 2012 ഒക്ടോബറിലെ പ്രഖ്യാപനം ആംനെസ്റ്റി ഇന്റര്നാഷണല് സ്വാഗതം ചെയ്തു. പക്ഷേ ഈ സമിതി ഇതുവരെയും ഏതെങ്കിലും തീരുമാനമെടുത്തതായി അറിവില്ല. ഇതു കൂടാതെ, സര്ക്കാര് പരസ്യമായി ചര്ച്ച ചെയ്ത ചില പരിഷ്കാരങ്ങള് അന്താരാഷ്ട്ര നിലവാരത്തിനൊത്തതല്ലെന്ന ഉല്കണ്ഠയുമുണ്ട്. ഉദാഹരണത്തിന്, കുടിയേറ്റ തൊഴിലാളികള് രാജ്യം വിടുന്നതു തടയാനുള്ള അധികാരം തൊഴിലുടമകള്ക്ക് വീണ്ടും നല്കുന്നു.

## തൊഴില് നിയമങ്ങളും നീതിയുടെ ലഭ്യതയും

ഖത്തറിലെ 2004-ലെ തൊഴില് നിയമവും അതുമായി ബന്ധപ്പെട്ട കല്പനകളും തൊഴിലാളികള്ക്ക് പ്രധാനപ്പെട്ട നിയമ പരിരക്ഷകള് ഉറപ്പു വരുത്തുന്നുണ്ട്. പക്ഷേ, കുടിയേറ്റ തൊഴിലാളികളിലെ ചില വലിയ വിഭാഗങ്ങളെ വളരെ വ്യക്തമായിത്തന്നെ ഇതില് നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇതില് ഉള്പ്പെടുന്നവരാണ് വീട്ടുജോലിക്കാര്. ഇത്തരത്തില് ഒഴിവാക്കപ്പെട്ട തൊഴിലാളികള്ക്ക്, ജോലി സമയം, പ്രവര്ത്തന ദിവസത്തിന്റെ ദൈര്ഘ്യം, അവധി, ആഴ്ച ആവധി, പീഡിപ്പിക്കപ്പെട്ടാല് പരാതി പരിഹാര നടപടികള്, വൈദ്യ ശുശ്രൂഷ അല്ലെങ്കില് ശരിയായ പാര്പ്പിടം എന്നീ കാര്യങ്ങളില് ഖത്തറി നിയമത്തില് ഒരു സുരക്ഷയും നല്കുന്നില്ല,

തൊഴില് നിയമത്തിന്റെ പരിധിയില് വരുന്ന തൊഴിലാളികള് പോലും നിയമത്തിനും അതിന്റെ നടത്തിപ്പിനും വളരെ ഗൗരവതരമായ പരിമിതികള് അനുഭവപ്പെടുന്നുണ്ട്. ഉദാഹരണത്തിന് എന്ഫോഴ്സ്മെന്റ് - ലേബര് ഇന്സ്പെക്ടര്മാരുടെ കുറവും, ഗുരുതരമായ പീഡനങ്ങള്ക്ക് തൊഴിലുടമകള്ക്കു നല്കുന്ന തുച്ഛമായ പിഴകളുംകൊണ്ട് വളരെ അപര്യാപ്തമായ രീതിയില് പ്രവര്ത്തിക്കുന്ന ഒരു വിഭാഗമാണ് ഇത്. കുടിയേറ്റ തൊഴിലാളികളെ ഒരു യൂണിയനിലും ചേരാന് ഈ നിയമം അനുവദിക്കുന്നില്ല.

തൊഴില് നിയമം പരിരക്ഷ നല്കുന്ന തൊഴിലാളികള്ക്ക് തൊഴിലുടമകള്ക്ക് എതിരെ പരാതി പരിഹാരത്തിന് തൊഴില് മന്ത്രാലയം വഴി പരാതി നല്കാവുന്നതാണ്. തൊഴില് മന്ത്രാലയം പരാതി കോടതിയിലേയ്ക്ക് റെഫര് ചെയ്യും. പക്ഷേ, കോടതിയിലെത്തുന്ന കേസുകള് തീര്പ്പാകാന് മാസങ്ങളോളം എടുക്കും. ഈ സമയത്തിനിടയില്, മൈലുകള് അകലെയുള്ള നിരവധി സ്ഥലങ്ങളിലേയ്ക്ക് കേസിന്റെ ഹിയറിംഗിനായി തൊഴിലാളികള്ക്കു പലപ്പോഴും പോകേണ്ടി വരും.

ഇത്തരം പ്രതിബന്ധങ്ങള് തൊഴിലാളികളെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. ഇവരില് ഭൂരിഭാഗം പേര്ക്കും കേസു നടന്നുകൊണ്ടിരിക്കുമ്പോള് കേസു നടത്തുന്നതിനോ മറ്റു ചിലവുകള്ക്കോ പണം ലഭിക്കുന്നുണ്ടായിരിക്കില്ല. ഇവിടെ കുടുങ്ങിപ്പോകുന്നവര്ക്ക്, ആഹാരം കഴിക്കാനും കേസിന്റെ ചിലവിനായും ഖത്തറില് ഉണ്ടായിരുന്നപ്പോള് സമ്പാദിച്ചതു മുഴുവനും ചിലവഴിക്കുകയും സുഹൃത്തുക്കളില് നിന്നും കടം വാങ്ങേണ്ടതായും വരും. നിയമ സഹായ സംവിധാനങ്ങളൊന്നും അവിടെ നിലനില്ക്കുന്നില്ല.

ലേബര് കോര്ട്ടു വഴി നീതി തേടുന്ന തൊഴിലാളികള് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി ഒരു പക്ഷേ, വിദഗ്ദ്ദ റിപ്പോര്ട്ട് നല്കുന്നതിനായി കോടതി സ്ഥിരമായി ആവശ്യപ്പെടുന്ന ഭീമമായ തുകകളായിരിക്കും. ഈ തുക,



© ആംനസ്റ്റി ഇന്റര്‍നാഷണല്‍

സാധാരണയായി ഏകദേശം 600 റിയാല് (165 യുഎസ് ഡോളര്), ഒരു നിര്മ്മാണ തൊഴിലാളിയുടെ ഒരു മാസത്തെ ശമ്പളത്തിനടുത്തു വരും. ഇത്തരം വലിയ തുകകള് കണ്ടെത്തുക എന്നത് ഭൂരിഭാഗം തൊഴിലാളികള്ക്കും ചിന്തിക്കാന്കൂടി കഴിയാത്തതായിരിക്കും, പ്രത്യേകിച്ചും ശമ്പളം ലഭിക്കുന്നില്ല എന്ന് അവര് പരാതിപ്പെടുന്ന അവസരങ്ങളില്. ഈ തുക അടയ്ക്കണമെന്ന് ആവശ്യപ്പെട്ടപ്പോള് കേസ് ഉപേക്ഷിച്ച നിരവധി പേരെ ആംനെസ്റ്റി ഇന്റര്നാഷണല് കണ്ടുമുട്ടുകയുണ്ടായി.

*"ലേബര് ഡിപ്പാര്ട്ട്മെന്റ് കേസ് കോടതിയിലേക്കയയ്ക്കും. അവിടെ നിങ്ങള് 500-600 റിയാല് [137-165 യുഎസ് ഡോളര്] ഒരു കൂലിപ്പണിക്കാരന് എങ്ങനെയാണ് ഇത് കൊടുക്കാന് കഴിയുക? എവറസ്റ്റ് കൊടുമുടി കയറുന്നതു പോലെയാണ് ഇത്."*

തൊഴിലാളികളെ അയക്കുന്ന ഒരു രാജ്യത്തിന്റെ എംബസിയിലെ പ്രതിനിധി, ദോഹ 2013

ഇപ്പോള്, യൂണിയനുകളില് ചേരാനോ പുതിയവ ഉണ്ടാക്കാനോ കുടിയേറ്റ തൊഴിലാളികളെ അനുവദിക്കുകയില്ല. ഖത്തറിലെ തൊഴില് നിയമത്തില് പ്രസ്ഥാവിച്ചിരിക്കുന്ന "[തൊഴിലാളികളുടേയും തൊഴിലുടമകളുടേയും] അവകാശങ്ങള് സംരക്ഷിക്കുന്നതിനായി" ഒരു സമിതി രൂപീകരിക്കുന്നതിനുള്ള നിര്ദ്ദേശം സര്ക്കാര് പരിഗണിച്ചു വരികയാണ്. എന്നിരുന്നാലും, ഈ സമിതിയില് അംഗത്വം ഖത്തറുകാര്ക്ക് മാത്രമേ അനുവദിച്ചിട്ടുള്ളൂ; കുടിയേറ്റ തൊഴിലാളികള്ക്ക് വോട്ടു ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കും, പക്ഷേ സമിതിയ്ക്കുള്ള തിരഞ്ഞെടുപ്പില് മത്സരിക്കാനാകില്ല.
ഇത്തരം സമിതികള്ക്ക് സംഘടിക്കാനുള്ള അവകാശത്തിനുള്ള അന്താരാഷ്ട്രാ നിലവാരം കാണുകയില്ല.

ഖത്തറിന്റെ അന്താരാഷ്ട്രാ മനുഷ്യാവകാശ കര്ത്തവ്യങ്ങള് പൂര്ത്തീകരിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി, തൊഴില് നിയമത്തിലെ അപാകതകള് പരിഹരിക്കുവാനും അവ അടിയന്തിരമായി നടപ്പിലാക്കാനും ആംനെസ്റ്റി ഇന്റര്നാഷണല് ഖത്തര് സര്ക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

1 ദോഹയിലെ ആഡംബര താമസ, കോര്പ്പുറേറ്റ്മേഖലയിലെ ഒരു കണ്സ്ട്രക്ഷന് മേഖലയില് കാര്മേഘം ഉയരുന്നു, 2012.

2 പ്രവാസി തൊഴിലാളികള് ദോഹയിലെ ഇന്ഡലസ്ട്രിയല് ഏരിയയിലെ അല് അത്തിയ മാര്ക്കയറ്റില് ഒരു വെള്ളിയാഴ്ച, ഒക്ടോബര് 2012.

3 ദോഹ ദോഹ ഫിനാന്ഷ്യതല് ഡിസ്ട്രിക്ക്, മാര്ച്ച് 2013. പ്രതി ശീര്ഷ വരുമാനത്തില് ഏറ്റവും സമ്പന്നമായ രാജ്യമായി ഫോര്ബ്സ്ം മാഗസിന് 2012ല് ഖത്തറിനെ തിരഞ്ഞെടുത്തിരുന്നു.

4 പ്രവാസി തൊഴിലാളികള് ജീവിക്കുന്ന ക്വാര്ട്ട്റുകള്, ദോഹ.

5 ദോഹയിലെ ഇന്ഡടസ്ട്രിയല് ഏരിയയിലെ പ്രവാസി തൊഴിലാളികള്,ഒക്ടോബര് 2012. രാജ്യത്തെ പ്രധാന ബിസിനസ്സ്, റെസിഡന്ഷ്യില് ജില്ലകളില് നിന്നും അകലെയുള്ള ക്യാമ്പുകളിലാണ് ഈ പ്രവാസി തൊഴിലാകള് ജീവിക്കുന്നത്. ഖത്തറി സമൂഹത്തില് നിന്നും ആഴത്തില് വേരോടിയ വിപരീത മനോഭാവമാണ് നേരിടേണ്ടി വരുന്നത്.

6 ഖത്തറിലെ കണ്സ്ട്ര ക്ഷന് തൊഴിലാളികള്. അര ദശലക്ഷത്തില് അധികം പ്രവാസി തൊഴിലാളികള് ഖത്തറിലെ കുതിച്ചുയരുന്ന കണ്സ്ട്ര ക്ഷന് വ്യവസായത്തില് ജോലി ചെയ്യുന്നു.


7 പ്രവാസി തൊഴിലാളികള് ഒരു ലേബര് ക്യാമ്പിലെ അവരുടെ ക്വാര്ട്ടേഴ്സിനു മുന്നില്, ഒക്ടോബര് 2012. തൊഴിലുടമ ഖത്തറിലെ നിയമങ്ങള്ക്കു വിരുദ്ധമായി തൊഴിലാളികളുടെ താമസസ്ഥലത്ത് കിടപ്പു മുറിക്കും അടുക്കളെക്കും മുന്നില് പഴയ പെയിന്റുംകളും സാമഗ്രികളും കൂട്ടിയിട്ടിരിക്കുന്നു
















6





7




© ആംനസ്റ്റി ഇന്റര്നാഷണല്



## നിര്മാണ തൊഴിലാളികള്

കണക്കുകളില് വ്യത്യാസമുണ്ടായേക്കാം, എന്നാലും ഖത്തറിലെ വരുന്ന ദശാബ്ദത്തില് 220 ബില്യണ് ഡോളറിന്റെ കണ്സ്ട്രക്ഷന് ബൂം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഏറ്റവും പുതിയ സെന്സസ് പ്രകാരം 2010 ല് ഖത്തറില് 2519 കണ്സ്ട്രക്ഷന് കമ്പനികളാണുള്ളത്. ഈ കമ്പനികളില് 503,518 വിദേശ പൗരന്മാര് ജോലിയെടുക്കുന്നു. 500,674 പുരുഷന്മാരും 2,844 സ്ത്രീകളും.

ഖത്തറിലെ പല വലിയ പ്രൊജക്ടുകളുടെയും ആത്യന്തികമായ ഉടമ അല്ലെങ്കില് ക്ലയന്റ് ഹവണ്മെന്റുമായി ബന്ധപ്പെട്ട അല്ലെങ്കില് വളരെ അടുപ്പമുള്ള ഖത്തറി സ്ഥാപനമായിരിക്കും. ദി മിഡില് ഈസ്റ്റ് ഇക്കണോമിക് ഡയജസ്റ്റിന്റെ കണക്കുകള് പ്രകാരം. 2012 നും 2020 നും ഇടയില് ഈ പ്രൊജക്ടുകളില് ഖത്തറി സര്ക്കാര് US$117.5 ബില്യണ് മൂല്യമുള്ള മൂലധന ചിലവ് നടത്തുന്നതാണ്. 2022 ല് നടക്കുന്ന ഫിഫ ലോകകപ്പിനുള്ള സേഡിയവും മറ്റു അവശ്യ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതും ഇതില് ഉള്പ്പെടും. വളരെ കുറഞ്ഞ ഡെഡ്[ലൈനുള്ളില് ഇത്ര വലിയ വികസന പ്രവര്ത്തനങ്ങള് നടപ്പാക്കിയെടുക്കുന്നതിനായി ഖത്തഋ കമ്പനികള്ക്കു പുറമെ ലോകത്തിന്റെ വിവിധ ഭാഗങ്ങളില് നിന്നുള്ള കമ്പനികളും ഇവിടെയെത്തും.

കെട്ടിടനിര്മാണ രംഗത്തെ തൊഴിലാളികള്ക്ക് വളരെ മോശം ജീവിത സാഹചര്യങ്ങളും ദുര്ഘടമായ തൊഴില് അന്തരീക്ഷവുമാണുള്ളത്. കണ്സ്ട്രക്ഷന് സൈറ്റുകളില് വീണുണ്ടാകുന്ന അപകടങ്ങളില് ഓരോ വര്ഷവും 1000







പേരെങ്കിലും ആശുപത്രിയില് പ്രവേശിപ്പിക്കപ്പെടുന്നുണ്ടെന്ന് ദോഹയിലെ പ്രധാന ആശുപത്രിയിലെ ഒരു സീനിയര് ഡോക്ടര് 2013 ല് പറയുകയുണ്ടായി. ഇതില് പത്തു ശതമാനം പേര്ക്ക് സ്ഥിരമായുള്ള വൈകല്യം സംഭവിക്കുന്നു.

പ്രവാസി തൊഴിലാളികള്ക്കു നല്കേണ്ട താമസ സൗകര്യത്തിന്റെ നിലവാരത്തെ കുറിച്ച് ഖത്തര് അധികൃതര് മാര്ഗ്ഗ നിര്ദ്ദേശങ്ങള് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും വാസ്തവത്തില് മിക്കവാറും പ്രവാസി തൊഴിലാളികള്ക്കും ഇതു ലഭിക്കാറില്ല. ആളുകളെ കുത്തി നിറച്ച മുറികള് ഇവിടെ സര്വ്വ സാധാരണമാണ്. ചെറിയ മുറികളില് 10 -15 പേര് താമസക്കാര് ഉണ്ടാകും 45ºC വരെ ഊഷ്മാവ് ഉയരുന്ന ഈ മേഖലയില് പലറൂമുകളിലും എസി ഉണ്ടാകാറില്ല, ഉള്ളതു പലപ്പോഴും പ്രവര്ത്തിക്കാറുമില്ല. കവിഞ്ഞൊഴുകുന്ന അഴുക്കു ചാലും മൂടിയില്ലാത്ത സെപ്ടിക് ടാങ്കും പതിവു കാഴ്ചകള് ആണ്. വൃത്തിയാക്കാത്ത കോംപൗണ്ടുകളും കുന്നു കൂടിയ ചപ്പു ചവറുകളും പരിപാലനമില്ലാത്ത അടുക്കളയും ബാത്ത് റൂമും സ്വയം പ്രശ്നമുണ്ടാക്കുന്നതിനു പുറമേ കീടങ്ങള് പെരുകുന്നതിനും കാരണമാകുന്നു.

ഇതിനു പുറമേ ശമ്പളം നലകുന്നതിലെ കാലതാമസവും സ്പോണ്സര്ഷിപ്പ് നിയമന്ഗ്ന്ഗളുടെ വിപരീത ഫലങ്ങളും മൂലം പല കണ്സ്ട്രക്ഷന് ജോലിക്കാരും ജോലിസ്ഥലങ്ങളില് വ്യാപകമായ ചൂഷണത്തിന് വിധേയരാകുന്നു.

നിര്മ്മാണ തൊഴിലാളികളോടുള്ള കാലങ്ങളായുള്ള മോശമായ പെരുമാറ്റം

## വെളിപ്പെടുന്ന കണക്കുകള്

**90%** പേരുടെയും പാസ്പോര്ട്ട് തൊഴിലുടമ പിടിച്ചുവച്ചിരിക്കുന്നു.

**56%** പേര്ക്കും പൊതു ആശുപത്രിയില് പ്രവേശനത്തിനുള്ള സര്ക്കാര് ഹെല്ത്ത് കാര്ഡ് ഇല്ല

**21%** പേര്ക്ക്"ചിലപ്പോള്, വല്ലപ്പോഴും അല്ലെങ്കില് ഒരിക്കലും സമയത്ത് ശമ്പളം കിട്ടുന്നില്ല.

**20%** പേര്ക്കും അവര്ക്കു വാഗ്ദാനം ചെയ്ത ശമ്പളം അല്ല ലഭിക്കുന്നത്.

**15%** പേരും വാഗ്ദാനം ചെയ്യപ്പെട്ട ജോലി അല്ല ചെയ്യുന്നത്

സ്രോതസ്: 2012 ല് ഖത്തര് നാഷണല് റിസര്ച്ച് ഫണ്ടിന്റെ ധനസഹായത്താല് 1,189 ലോ ഇന്കം വര്ക്കേഴ്സിനിടയില് നടത്തിയ സര്വേ.

പലപ്പോഴും അടിച്ചമര്ത്തലിന്റെ സ്വഭാവം കാണിക്കുന്നു. ഒരു സബ് കോണ്ട്രാക്ടിംഗ് കമ്പനിയുടെ മാനേജര് ഒരു നേപ്പാളി ജീവനക്കാരന്റെ വീട്ടില് നിന്നു വന്ന കത്തിനെ "മൃഗങ്ങളുടെ കത്തു വന്നതായി" പരാമര്ശിച്ചത് ആംനസ്റ്റി ഇന്റര്നാഷണല് കേള്ക്കുകയുണ്ടായി.

ആംനസ്റ്റി ഇന്റര്നാഷണലിനു ലഭിച്ച പരാതികളില് മിക്കവയും, എല്ലാം അല്ലെങ്കിലും, 50നും200നും ഇടയില് ജോലിക്കാര് ഉള്ള ചെറിയ സബ്കോണ്ട്രാക്ടിംഗ് സ്ഥാപനങ്ങളില് നിന്നുള്ളവയായിരുന്നു. എന്നിരുന്നാലും ഖത്തറില് പ്രവര്ത്തിക്കുന്ന ചില പ്രൊജക്ട് ഉടമകളും മിക്കവാറും കോണ്ട്രാക്ടര്മാരും, മള്ട്ടിനാഷണല് കണ്സ്ട്രക്ഷന് കമ്പനികള് ഉള്പ്പെടെ, തങ്ങളുടെ സൈറ്റുകളില് ജോലിചെയ്യുന്ന ജോലിക്കാര്ക്ക് എന്തു സംഭവിക്കുന്നു എന്നതില് ഉത്തരവാദിത്തം എടുക്കുന്നില്ല എന്നത് ആംനസ്റ്റി ഇന്റര്നാഷണലിനെ ആശങ്കയിലാക്കുന്നുണ്ട്. ഖത്തര് 2022 സംഘാടക സമിതി പോലുള്ള ഖത്തറി സ്ഥാപനങ്ങളും അന്താരാഷ്ട്ര സ്ഥാപനങ്ങളും തങ്ങളുടെ സബ്കോണ്ട്രാക്ടര്മാരെ ശരിയാംവണ്ണം വീക്ഷിക്കുകയും തങ്ങളുടെ പ്രൊജക്ടുകളില് അതിക്രമങ്ങള് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കുകയും ചെയ്യണം.

***ഏറ്റവും ഇടത്:*** **ദോഹ യിലെ ഇന്ഡസ്ട്രിയല് ഏരിയയിലെ ലേബര്ക്യാമ്പില് ചപ്പു ചവറുകള് നിറഞ്ഞിരിക്കുന്നു, മാര്ച്ച് 2013. ഇതിനുത്തരവാദിയായ കമ്പനി ചവറു ശേഖരിക്കുന്നവര്ക്ക് പണം നല്കുന്നില്ല. അവര് സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് ആംനസ്റ്റി ഇന്റര്നാഷണലിനോട് പറഞ്ഞു.**
***നടുക്ക്:*** **ഒരു പ്രവാസി തൊഴിലാളി ലേബര്ക്യാമ്പിലെ തന്റെ ഉറക്ക അറയില്, നാട്ടിലേക്ക് പോകാന് ബാഗ് തയ്യാറാക്കുന്നു, ഖത്തര് 2012. തൊഴിലാളികളുടെ താമസ് സ്ഥലത്ത് പലപ്പോഴും കിടക്കാന് പോലും ഇടം കിട്ടില്ല.**
***മുകളില്:*** **പ്രവാസി കണ്സ്ട്ര ക്ഷന് തൊഴിലാളികള് ദോഹയില്, മാര്ച്ച് 2013.**



## ഗാര്ഹിക ജോലിക്കാര്

*"എന്തെങ്കിലും ഒരു വരം ആവശ്യപ്പെടാന് എന്നോടാവശ്യപ്പെട്ടാല് ഞങ്ങളെയും മനുഷ്യന്മാരായി കാണാന് ആയിരിക്കും ഞാന് ആവശ്യപ്പെടുക."*

ഒരു വീട്ടു ജോലിക്കാരി അവളുടെ തൊഴിലുടമയെ വിട്ടു പോന്ന ശേഷം ആംനസ്റ്റി ഇന്റര്നാഷണലുമായി സംസാരിക്കുമ്പോള് പറഞ്ഞത്, ദോഹ, ഒക്ടോബര് 2012

ഏതാണ്ട് 130,000 ആളുകള്, അതില് ഏതാണ്ട് 80,000 സ്ത്രീകള്, ഗാര്ഹിക മേഖലയില് ജോലി എടുക്കുന്നുണ്ടെന്ന് 2010 സെന്സസ് പറയുന്നു. സ്പോണ്സര്ഷിപ്പ് നിയമങ്ങളുടെയും തൊഴില് നിയമങ്ങളുടെ സംരംക്ഷണം ഇവര്ക്ക് കിട്ടാത്തതിന്റേയും സ്പോണ്സറുടെ വീട്ടില് ഒറ്റപ്പെട്ടുപോകുന്ന സാഹചര്യവും ഒത്തു ചേരുമ്പോള് ഗാര്ഹിക ജീവനക്കാരുടെ തൊഴില് സാഹചര്യം തീര്ത്തും അപകടകരമാകുന്നു. പലപ്പോഴും നീതിലഭിക്കുന്നതിനും അതിനുള്ള ശ്രമം നടത്തുന്നതിനും അതിക്രമ സാഹചര്യങ്ങളില് നിന്നു രക്ഷപ്പെടുന്നതിനും ഒരുപാടു തടസങ്ങള് നേരിടുന്നു.

"ഈ കൂട്ടരുടെ വിധി തൊഴിലുടമയുടെ അടുക്കളയുടെ നാലു ചുമരുകള്ക്കുള്ളില് തളച്ചിടപ്പെടുന്നു. അതിക്രമങ്ങള്ക്ക് വ്യാപകമായ തോതില് ഇരയാകുന്നതിനൊപ്പം സ്പോണ്സര്ഷിപ്പ് സംവിധാനത്തിന്റെ ശക്തമല്ലാത്ത പ്രഭാവവും ശക്തമല്ലാത്ത നിയമ ചട്ടക്കൂടും ഈ വിഭാഗക്കാര് ഇരയാക്കപ്പെടുന്നതിനും അതിക്രമത്തിനു വശംവദരാകുന്നതിനും കാരണമാകുന്നു."

മനുഷ്യക്കടത്തിനെ, പ്രത്യേകിച്ചും സ്ത്രീകളെയും കുട്ടികളെയും കടത്തുന്നതിനെ കുറിച്ച്, യു എന് പ്രത്യേക റാപ്പോര്ട്ടിയര് ഖത്തര്, ബഹ്റൈന്, ഒമാന് എന്നിവിടങ്ങളില് നടത്തിയ സന്ദര്ശനത്തിനു ശേഷം പ്രസ്താവിച്ചത്.

*"സ്പോണ്സറുടെ അടുത്തുനിന്നും രക്ഷപ്പെട്ടു ഓടിപോയ വീട്ടു ജോലിക്കാരുമായും ഡ്രൈവര്മാരുമായും നടത്തിയ അഭിമുഖങ്ങളില് , മോശമായ പെരുമാറ്റം, ഗാര്ഹിക പീഢനങ്ങള്, അമിതമായ ജോലി ( റമദാനില് ), ആഴ്ചയില് ഒഴിവു ദിനങ്ങള് ഇല്ല എന്നിവയാണ് തങ്ങളെ ഒളിച്ചോടാന് പ്രേരിപ്പിച്ചതെന്ന് ഞങ്ങള് കണ്ടെത്തി.".*

ഡയറക്ടര് ഓഫ് സെര്ച്ച് ആന്ഡ് ഫോളോ അപ്പ്, മിനിസ്ട്രി ഓഫ് ഇന്റീരിയര്, 2011

വീട്ടുവേലക്കാരെ പലപ്പോഴും മികച്ച ശമ്പളം, ആഴ്ചയില് ആറു ദിവം എട്ടുമണിക്കൂര് കുട്ടികളെ നോക്കുന്ന ജോലി, എന്നിങ്ങനെ ആകര്ഷകമായ വാഗ്ദാനം നല്കിയായിരിക്കും റിക്രൂട്ട് ചെയ്യുന്നത്. ഇതിന് ഉപോല്ബലകമായി വിശദമായ കരാറും കാണിക്കും. എന്നാല് ഖത്തറില് എത്തികഴിഞ്ഞാല് സ്ത്രീകള്ക്ക് വ്യത്യസ്തമായ യാഥാര്ത്ഥ്യങ്ങളെ ആയിരിക്കും നേരിടേണ്ടി വരിക. അതിരാവിലെ മുതല് അര്ദ്ധരാത്രി വരെ ജോലി, അതും ആഴ്ചയില് ഏഴു ദിവസവും, വൃത്തിയാക്കല്, പാചകം ചെയ്യല്, കുട്ടികളെ, അതും മൂന്നും നാലും, നോക്കല്, ശമ്പളം പറഞ്ഞതിലും വളരെ കുറവും. ഇതു കൂടാതെ തൊഴിലുടമയുടെ അപമാനകരമായ പെരുമാറ്റവും ശാരീരിക ഉപദ്രവും പലരും റിപ്പോര്ട്ട് ചെയ്തിട്ടുണ്ട്.

ലിംഗാടിസ്ഥാനത്തില് അതിക്രമങ്ങള്, ലൈംഗികമായ കടന്നാക്രമണം ഉള്പ്പെടെയുള്ളവ ഇവര് നേരിടേണ്ടി വരുന്നു. ഗാര്ഹിക ജോലികളില് ഏര്പ്പെട്ടിരിക്കുന്ന സ്ത്രീകള് വീട്ടിനുള്ളില് പീനല് കോഡില് പരമര്ശിക്കുന്ന വൈവാഹേതര ലൈംഗികബന്ധത്തിന്റെ കുറ്റകൃത്യ വല്ക്കരണം ഇവരെ ബാധിക്കുന്നു. തീര്ച്ചയായും ചില സ്ത്രീകള് ബലാല്സംഗത്തെ കുറിച്ച് അധികൃതര്ക്ക് പരാതി നല്കിയിട്ടുണ്ടെങ്കിലും , "അനാശ്യാസ ബന്ധം" എന്ന നിലയില് ആണ് അന്വേഷണം നടക്കുന്നത്. 2012 ഫെബ്രുവരിയില് തൊഴിലുടമയുടെ വീട്ടില് അതിക്രമിച്ചു കയറിയ ആള് വീട്ടു വേലക്കാരിയെ ബലാല്സംഗം ചെയ്യുകയും, സംഭവം കഴിഞ്ഞ ഉടനെ പോലീസിനെ വിളിക്കുകയും ചെയ്തു. എന്നാല് ഇവള്ക്കെതിരെ അനാശ്യാസ ബന്ധത്തിനു കേസെടുക്കുകയാണുണ്ടായത്. നാലുമാസം ജയിലില് കിടക്കേണ്ടതായും വന്നു. ജൂലായ് 2013 ല് ഈ സ്ത്രീക്കെതിരായ കേസ് മുന്നോട്ടുപോകുകയാണെന്ന് ആംനസ്റ്റി ഇന്റര്നാഷണല് മനസ്സിലാക്കി. ബലാല്സംഗം നടന്നതായ ആരോപണത്തില് ശരിയായ അന്വേഷണം പോലും നടന്നിട്ടീലത്രെ.

ഖത്തറില് വീട്ടുവേലക്കായി ഫിലിപീന്സില് നിന്നും റിക്രൂട്ട് ചെയ്തു കൊണ്ടു വരുന്നവര് പലരും ശമ്പളത്തിന്റെ കാര്യത്തില് കബളിപ്പിക്കപ്പെടുന്നു. കബളിപ്പിക്കപ്പെട്ട ഫിലിപ്പീന് പ്രവാസികളെ സഹായിക്കാനായി പ്രവര്ത്തിക്കുന്ന ഒരു ദോഹ താമസക്കാരന് ആംനസ്റ്റി ഇന്റര്നാഷണലിനോട് പറഞ്ഞത്:

*"$400 കരാര് പലപ്പോഴും നടപ്പാക്കാറില്ല ഇതിനു പകരമായി ഇവര്ക്ക് അറബിയില് ഒരു കരാര് നല്കും. ഇതില് റിക്രൂട്ട് മെന്റ് ചാര്ജ്ജ്, റെസിഡന്സ് പെര്മിറ്റ് റിന്യൂവല് ചാര്ജ്ജ് തുടങ്ങിയ പേരില് ശമ്പളത്തില് പല കിഴിവുകളും നടത്തും."*

തങ്ങളോടു പറഞ്ഞ ജോലിസമയവും ജോലിയുടെ രീതികളും തമ്മില് വലിയ









അന്തരമുള്ളതായി സ്ത്രീകള് പലപ്പോഴും പരാതിപെടുന്നു. ഇത്തരത്തിലുള്ള കബളിപ്പിക്കപ്പെടലുകളുടെ മാനസികമായ പ്രത്യാഘാതം വളരെ വലുതായിരിക്കും. ഹമാദ് ആശുപത്രിയിലെ മാനസികരോഗ വിഭാഗത്തിലെ അധികൃതരെ ആംനസ്റ്റി ഇന്റര്നാഷണല് കാണുകയുണ്ടയി. മറ്റു തൊഴിലില് ഉള്ളവരേക്കാള് കൂടുതലായി കെട്ടിട നിര്മാണ, ഗാര്ഹിക ജോലിക്കാരെ ഇവിടെയാണ് പ്രവേശിപ്പിക്കുന്നത്. ജോലിയില കബളിപ്പിക്കപ്പെട്ടതിനെ തുടര്ന്നുണ്ടാകുന്ന ഉല്ക്കണ്ഠ, വിഷാദം എന്നിവ ബാധിച്ചവരാണ് ഇവിടെ കൂടുതലായെത്തുന്നതെന്നും അവര് പറഞ്ഞു. ഇതില് പലരും ആത്മഹത്യക്കു ശ്രമിച്ചാണ് ഇവിടെ എത്തിപ്പെടുന്നത്.

തങ്ങള് അപമാനത്തിനും അതിക്രമത്തിനും വിധേയരായിട്ടുള്ളതായി നിരവധി വീട്ടുവേലക്കാര് റിപ്പോര്ട്ട് ചെയ്തിട്ടുണ്ട്. ഖത്തറിലായിരിക്കുമ്പോള് ഒരു വീട്ടുവേലക്കാരന്റെ ജീവിതം പൂര്ണ്ണമായി അയാളുടെ തൊഴിലുടമയ്ക്ക് നിയന്ത്രിക്കാനാകും. ജോലി ചെയ്യുന്ന വീടുവിട്ടു പുറത്തു പോകാന് അവര്ക്ക് അനുവാദമുണ്ടാകില്ല. വീട്ടുടമസ്ഥന് പുറത്തു പോകുമ്പോള് ഇവരെ അകത്തിട്ടു വീടു പൂട്ടിയാണ് പോകുന്നതെന്ന് പലരും രേഖപ്പെടുത്തിയിട്ടുണ്ട്.

"മിക്കവറും കേസുകളില് ഗാര്ഹിക ജോലിക്കാര്ക്ക് മൊബൈല് ഞങ്ങള് അനുവദിക്കാറില്ല. സ്ത്രീകള് എത്തുമ്പോള് തന്നെ- അവര് ശ്രീലങ്കക്കാരായാലും ഇന്ഡോനേഷ്യക്കാരായാലും - ഞങ്ങള് അവരുടെ മൊബൈല് എടുക്കും. അനുമതിയില്ലാതെ നിങ്ങള് മൊബൈല് വാങ്ങുകയും സ്പോണ്സര് അതു കണ്ടുപിടിക്കുകയും ചെയ്താല് അവര്ക്ക് ഒരു കാമുകനുണ്ടെന്നായിരിക്കും സ്പോണ്സര് കരുതുക."

ദോഹ റിക്രൂട്ടിംഗ് ഏജന്സിയുടെ പ്രതിനിധി, മാര്ച്ച് 2013

തങ്ങളുടെ തൊഴിലുടെമയുടെ സമ്മതം വാങ്ങി ജോലി വിട്ടുപോകാന് എളുപ്പമല്ലാത്തതിനാല് പലരും അനുമതിയില്ലാതെയാണ് ജോലി വിട്ടു പോകുന്നത്. അധികൃതര് ഇതിനെ 'ഒളിച്ചോട്ടി" എന്നാണ് കണക്കാക്കുന്നത്.

"എനിക്കു ജോലി വിടണം എന്നു പറഞ്ഞപ്പോള് (തൊഴിലുടമ) എന്നോട് പറഞ്ഞത്, 'നീ ഈ വീടു വിട്ടു പുറത്തു പോയാല് നിന്നെ ഞാന് കൊല്ലും' എന്നാണ്. മറ്റൊരിക്കല്, മേഡം എന്നെ ചീത്ത വിളിക്കുകയും തൊഴിക്കുകയും ചെയ്യുന്നതിനാല് എനിക്കു പോകണം എന്നു പറഞ്ഞപ്പോള് അവര് പറഞ്ഞത്, 'നീ വിട്ടു പോകും മുമ്പ് പത്തു മാസം നിന്നെകൊണ്ട് ശമ്പളമില്ലാതെ ജോലി ചെയ്യിക്കും' എന്നാണ്""

ഫിലിപ്പീന്സില് നിന്നുള്ള ഒരു വീട്ടു ജോലിക്കാരി , 2013

ഉപദ്രവിക്കുന്ന തൊഴിലുടമയുടെ അടുത്തു നിന്നും ഒരു വീട്ടു ജോലിക്കാരന് ഓടി പോകുകയാണെങ്കില് അവര്ക്ക് എങ്ങുനിന്നും പിന്തുണ ലഭിക്കുകയില്ല, പകരം അവരെ പിടികൂടി നാടുകടത്തുകയാണ് പതിവ്. ഖത്തര് ഡിപോര്ട്ടേഷന് സെന്ററില് കഴിയുന്ന മിക്കവാറും സ്ത്രീകളും ഗര്ഹിക ജോലിക്കാര് ആയിരുന്നു. പലരും അവരുടെ എംബസിയില് സഹായം തേടുന്നു. "ഈ തൊഴിലാളികളില് പലരും കടുത്ത ദു:ഖത്തില് ആണിവിടെ എത്തുന്നത്. മിക്കവര്ക്കും സ്വന്തം നാട്ടിലേക്കു എങ്ങിനെയെങ്കിലും മടങ്ങിയാല് മതി, ചിലര് മറ്റൊരു തൊഴിലുടമയെ ലഭ്യമാക്കി തരുമോ എന്നും അന്വേഷിക്കാറുണ്ട്" ഒരു രാജ്യത്തെ എംബസിയുടെ പ്രതി നിധി പറഞ്ഞു.

**_നടുക്ക്:_ ഇന്ഡോനേഷ്യയില് നിന്നുള്ള പ്രവാസി തൊഴിലാളികള് മിഡില് ഈസ്റ്റിലേക്ക് പോകാനൊരുങ്ങുന്നു, ജൂണ് 2011. വീട്ടു ജോലിക്കാര് പലപ്പോഴും ശമ്പളത്തിന്റെപയും മറ്റു വ്യവസ്ഥകളുടെയും കാര്യത്തില് കബളിപ്പിക്കപ്പെടുന്നു. വിശദാമയ കരാറുകള് അവര് എത്തി കഴിയുമ്പോള് പുതിയതുമായി മാറുകയോ അല്ലെങ്കില് അവഗണിക്കുകയോ ചെയ്യുന്നു**

**_മുകളില്:_ ഒരു പ്രവാസി തൊഴിലാളി തന്റെഴ തൊഴിലുടമ ഉണ്ടാക്കിയ പരിക്കുകള് കാണിക്കുന്നു, 2013. അവള് ജോലി ചെയ്ത 17 മാസവും തൊഴിലുടമ തന്നെ ശാരീരികമായി ഉപദ്രവിച്ചിരുന്നതായി അവള് ആംനസ്റ്റി ഇന്റര്നാഷണലിനോട് പറഞ്ഞു.**




*വലത്:* പ്രവാസി തൊഴിലാളികള് ലേബര് ക്യാമ്പില് പാചകവും വ്ത്തിപയാക്കലുംചെയ്യുന്നു, ഖത്തര്, 2012.
*ഏറ്റവും വലത്ത്:* അല് ഖോറിലെ ഒരു പ്രവാസി തൊഴിലാളി ക്യാമ്പ്, വൈദ്യുതി ഇല്ലാതെ, മാര്ച്ച് 2013. ഈ തൊഴിലാളികളുടെ തൊഴിലുടമ വൈദ്യുതി ബില് അടക്കാത്തതാണ് പവര് കട്ട് ചെയ്യാന് കാരണം.പിന്നില് ഫ്ലഡ് ലൈറ്റുകള് തെളിഞ്ഞു കാണുന്നത് ഫുട്ബാള് സ്റ്റേഡിയമാണ്.2022 ലെ ഫുട്ബാള് ലോകകപ്പ് ഗ്രൂപ്പ് മാച്ചുകള് അല് ഖോറില് ആണു നടക്കുന്നത്

## കേസ് സ്റ്റഡി : മരിയ

മരിയ(യഥാര്ത്ഥ പേരല്ല), ഫിലിപ്പീന്സില് നിന്നുള്ള 24കാരി, 2010 ല് ആണ് ഹൗസ് മെയ്ഡിന്റെ ജോലിക്കായി ഖത്തറില് എത്തിയത്. അവള് ഫിലിപ്പീന്സിലെ റിക്രൂട്ട് മെന്റ് കമ്പനിയുമായി ഉണ്ടാക്കിയ കരാറില് പ്രതിമാസം 1,450 റിയാല് (US$400) ശമ്പളം ആണു പറഞ്ഞിരുന്നത്. എന്നാല് മരിയ ഖത്തറില് എത്തിയപ്പോള് അവളുടെ ശമ്പളം പ്രതിമാസം 800 റിയാല് ($220) ആയിരിക്കുമെന്ന് പറഞ്ഞു. അവളുടെ ശമ്പളം മുഴുവന് പിടിച്ചു വയ്ക്കുകയും കരാര് കഴിയുന്പോള് മൊത്തമായി തരാമെന്നും അവളെ ജോലിക്കു വച്ച കുടുംബം പറഞ്ഞു.

മരിയ ഖത്തറില് വന്ന ഉടന് തന്നെ അവളുടെ പാസ്പോര്ട്ട് ഒരു എമിഗ്രേഷന് ഉദ്യോഗസ്ഥന് എടുത്തുകൊണ്ടു പോയി. അവളെ വിളിക്കാന് എയര്പോര്ട്ടില് എത്തിയ റിക്രൂട്ടിംഗ് ഏജന്സിക്ക് അതു കൈമാറിയിരുന്നു. അവളുടെ സെല് ഫോണ്, ഐഡി മറ്റു രേഖകള് എല്ലാം അവള് തൊഴിലുടമയുടെ വീട്ടിലെത്തിയപ്പോള് പിടിച്ചു വാങ്ങിച്ചു. അവളുടെ വസ്ത്രങ്ങളും വാങ്ങി വച്ചു. മുഴുവന് സമയവും അവള് ഒരു യൂണിഫോം ധരിക്കണമായിരുന്നു. മറ്റു വീട്ടു ജോലിക്കാരോടോ അല്ലെങ്കില് തൊഴിലുടമക്കൊപ്പം പുറത്തു പോകുമ്പോള് മറ്റുള്ളവരോടോ സംസാരിക്കാന് അനുവാദം ഉണ്ടായിരുന്നില്ല. രണ്ട് ആഴ്ച കൂടുമ്പോള് 20 മിനിറ്റ് അമ്മയുമായി ഫോണില് സംസാരിക്കാന് അനുവദിച്ചിരുന്നു

മൂന്നു കൊച്ചു കുട്ടികളെ പരിപാലിക്കുക, പൂന്തോട്ട പരിപാലനം, ശുചിയാക്കല് എന്നിവയായിരുന്നു മരിയയുടെ ഉത്തരവാദിത്തം. രാവിലെ 5.30 ന് ആരംഭിക്കുന്ന ജോലി പാതി രാത്രി വരെ നീളും. ഒരൊറ്റ് ദിവസം അവധി ലഭിച്ചിരുന്നില്ല, പള്ളിയില് പോകാനും അനുവാദം ഉണ്ടായില്ല.

ശമ്പളം നല്കാത്തതിനെ തുടര്ന്ന് ഒരു വര്ഷം കഴിഞ്ഞ ഒരു വീട്ടു ജോലിക്കാരി രക്ഷപ്പെട്ടതിനെ തുടര്ന്ന് തൊഴിലുടമ മരിയയെയും മറ്റു സ്ത്രീകളെയും ശാരീരികമായി ഉപദ്രവിച്ചു.

"രക്ഷപ്പെട്ടു പോയ പെണ്ണിനോടുള്ള ദേഷ്യം ഞങ്ങളോടു തീര്ക്കുകയായിരുന്നു. എന്റെ തല പിടിച്ച് ടോയ്ലറ്റില് ഇടിച്ചു. മുടി പിടിച്ചു വലിച്ചു, ഞാന് കരഞ്ഞു. അവള് പറഞ്ഞു, 'എണീക്കെടീ, നിന്നെ ഏജന്സിയില് തിരിച്ചയക്കും' മറ്റേ പെണ്കുട്ടിയും കരഞ്ഞു. മേഡം അവളെയും തള്ളി. പെണ്കുട്ടി വീട്ടില് നിന്നും രക്ഷപ്പെടാന് ശ്രമിച്ചപ്പോള് (വീട്ടു) മാനേജരും അവളെ തള്ളി. പെണ്കുട്ടി ' വേണ്ട, വേണ്ട' എന്നു പറഞ്ഞ് കരയുന്നുണ്ടായിരുന്നു, ഞാന് കുട്ടികള്ക്കൊപ്പം അടുക്കളയില് ഒളിച്ചിരുന്നു. ഞാന് പേടിച്ചു പോയിരുന്നു.'"

രക്ഷപ്പെട്ടു പോകുന്നതിനു മുമ്പ് മരിയ ആ വീട്ടില് നാലു മാസത്തോളം ജോലി ചെയ്തു, ഒരു ശമ്പളവും ലഭിക്കാതെ. എന്നിരുന്നാലും അവളെ പെട്ടെന്നു തന്നെ കണ്ടു പിടിച്ചു. അവള് വിട്ടുപോയതില് ഏജന്സിയും ദേഷ്യത്തിലായിരുന്നു. അവള് ഫിലിപ്പീന്സിലേക്ക് തിരിച്ചു പോകരുതെന്ന് ആ വീട്ടുകാര് തീരുമാനിച്ചതായി ഏജന്സി പറഞ്ഞു.

*"അവര് പറഞ്ഞ പ്രശ്നം, അവര് (സ്പോണ്സര്) എനിക്കു എക്സിറ്റ് വിസയോ അല്ലെങ്കില് ശമ്പളമോ തരുന്നില്ല എന്നാണ്, അവര് എന്റെ ശമ്പളം എടുത്തോട്ടെ, എനിക്കു പോകാനുള്ള ടിക്കറ്റ് തന്നാല് മതി എന്നു ഞാന് പറഞ്ഞു. അവര് പറഞ്ഞത് ' നീ കരാര് പൂര്ത്തിയാക്കിയില്ല – നാലു മാസം മാത്രമേ ജോലി ചെയ്തുള്ളൂ'... എന്നുമാണ്. 'നിനക്ക് മറ്റെവിടെ വേണമെങ്കിലും ജോലി ചെയ്യാം പക്ഷെ ഞങ്ങള്ക്കു പണം തരണം.' അവര് പറഞ്ഞു, എനിക്കു ശമ്പളം വേണ്ട: പോകാന് അനുവദിച്ചാല് മതിയെന്നും ഞാന് പറഞ്ഞു"*

ആംനസ്റ്റി ഇന്റര്നാഷണല് മരിയയെ കാണുമ്പോള് അവളുടെ പേപ്പറുകളും മറ്റു സാധനങ്ങളും എല്ലാം ആദ്യത്തെ തൊഴിലുടമയുടെ പക്കല് ആയിരുന്നു.

*"എന്റെ ഏജന്സി പറയുന്നത് ഞാന് മറ്റേതെങ്കിലും മുതലാളിക്കു വേണ്ടി ജോലി ചെയ്യാനാണ്, എന്നാല് എന്റെ ശമ്പളവും പാസ്പോര്ട്ടും തരാമത്രെ... കഴിഞ്ഞ ആഴ്ച ഞാന് ഡീപോര്ട്ടേഷന് സെന്ററില് പോയി, പാസ്പോര്ട്ടില്ലാതെ എനിക്കു പോകാനാകില്ലെന്നാണ് അവര് പറയുന്നത്."*


© പ്രൈവറ്റ്


© ആംനസ്റ്റി ഇന്റര്നാഷണല്

ഗാര്ഹിക ജോലിക്കാരുയെ മാന്യമായ ജോലി സംബന്ധിച്ച് ഐ എല് ഒ കണ്വെന്ഷന് നം.189 ഗാര്ഹിക നിയമത്തില് ഉള്പ്പെടുത്തുകയും  നിയമത്തിലും നയത്തിലും നടപ്പാക്കുന്നതിലും പ്രാവര്ത്തികമാക്കാനും പ്രമാണീകരിക്കാനും ആംനസ്റ്റി ഇന്റര്നാഷണല് ഖത്തറിനോടാവശ്യപ്പെട്ടിട്ടുണ്ട്.  ഗാര്ഹിക ജോലിക്കാര് അടക്കമുള്ള എല്ലാ തൊഴിലാളികള്ക്കും  സംരക്ഷണം നല്കുന്ന രീതിയില് നിയമം ഭേദഗതി ചെയ്യാനും ഗാര്ഹിക അക്രമങ്ങള്, ഗാര്ഹിക ജോലിക്കാര്ക്കെതിരെയുള്ളവ അടക്കം ക്രിമിനല് കുറ്റം ആക്കുന്ന നിയമം അവതരിപ്പിച്ച് നടപ്പാക്കാനും അധികൃതരോടാവശ്യപ്പെട്ടിട്ടുണ്ട്.

## നിര്ബന്ധിത തൊഴിലും മനുഷ്യകടത്തും

ആംനസ്റ്റി ഇന്റര്നാഷണല് ഇത്തരത്തിലുള്ള നിരവധികേസുകള് ഖത്തറില് നിന്നും രേഖപ്പെടുത്തിയിട്ടുണ്ട്, പലരും ജോലിയുടെ തരത്തിലും ശമ്പളത്തിലും കബളിപ്പിക്കപ്പെട്ടവര്. ഇപ്പോള് നിവൃത്തിയില്ലാതെ ജോലിയില് തുടരുന്നവര്.  ഇവരുടെ തൊഴിലുടമകള് ഇക്കാര്യത്തിനായി പല ഉപായങ്ങളാണ് ഉപയോഗിക്കുന്നത്. ശമ്പളം പിടിച്ചു വയ്ക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യുക,  തിരിച്ചറിയല് രേഖകളോ വിലപ്പെട്ട സമ്പാദ്യങ്ങളോ പിടിച്ചു വയ്ക്കുക ,ജോലിയുടെ തരം, ശമ്പളം എന്നിവയില് കബളിപ്പിക്കുക, ചലന സ്വാതന്ത്ര്യം നിഷേധിക്കുക, ജോലിസ്ഥലത്ത് ശാരീരികമായി തടവറയിലാക്കുക എന്നിങ്ങനെ

തൊഴിലുടമ ജീവനക്കാര്ക്ക് നേരെ പ്രയോഗിക്കുന്ന വിവിധ തരം ഭീഷണികളെ കുറിച്ചും ആംനസ്റ്റി ഇന്റര്നാഷണല് രേഖപ്പെടുത്തിയുട്ടുണ്ട്. അവയില് പെടുന്നവയാണ്: സാമ്പത്തിക പിഴകള്, ജോലി ചെയ്യാത്തതിനു പിഴ, അല്ലെങ്കില് കൊടുക്കാനുള്ള ശമ്പളം കൊടുക്കില്ലെന്ന ഭീഷണി, അധിക്തര്ക്ക് പരാതി നല്കുമെന്നും നാടുകടത്തുമെന്നും ശാരീരികമായി ഉപദ്രവിക്കുമെന്നും ഭീഷണിപ്പെടുത്തുക.

ഖത്തര് ഒരു കക്ഷി ആയിട്ടുള്ള ILO കണ്വെന്ഷന് നം. 29, നിര്ബന്ധിത തൊഴിലില് രണ്ടു അവശ്യ ഘടകങ്ങള് ഉണ്ടായിരിക്കുമെന്നു നിര്വചിക്കുന്നു. നിര്ബന്ധിതമായ ജോലിയും ശിക്ഷയുടെ ശക്തമായ ഭീഷണിയും. ദി പാര്ലിമോ പ്രോട്ടോകോള് (വ്യക്തികളെ, പ്രത്യേകിച്ചും സ്ത്രീകളെയും കുട്ടികളെയും കടത്തുന്നത് തടയാനും അടിച്ചമര്ത്താനും ശിക്ഷിക്കാനുമുള്ള യു എന് പെരുമാറ്റച്ചട്ടം) ല് ഖത്തറും ജോലിയുടെയും ശമ്പളത്തിന്റെയും കാര്യത്തില് കബളിപ്പിക്കപ്പെടുന്നത് മനുഷ്യക്കടത്തിന്റെയും നിര്ബന്ധിത തൊഴിലിന്റെയും ഭാഗമാണെന്ന് അംഗീകരിച്ചിട്ടുണ്ട്.

ചില കേസുകളില് ആംനസ്റ്റി ഇന്റര്നാഷണല് രേഖപ്പെടുത്തിയ അധിക്ഷേപത്തിന്റെ പ്രകൃതവും തീവ്രതയും അന്താരാഷ്ട്ര നിയമം നിര്വചിക്കുന്ന മനുഷ്യക്കടത്തിന്റെയും നിര്ബന്ധിത തൊഴിലിന്റെയും വ്യാഖ്യാനങ്ങള്ക്കു സമാനമാണ്.

### കേസ് സ്റ്റഡി : ഗ്രേസ്

ഒരു യൂറോപ്യന് തൊഴിലുടമക്കൊപ്പം ഗാര്ഹിക ജോലിക്കായാണ് 20 വയസുകാരിയായ ആഫ്രിക്കന് യുവതി ഗ്രേസ് (യഥാര്ത്ഥ പേരല്ല) ആഗസ്റ്റ് 2012 ല് ഖത്തറില് എത്തിയത്. ഇവിടേക്കു പുറപ്പെടും മുമ്പ് അവളെ ജോലിക്കു വയ്ക്കുന്ന കുടുംബവുമായി നേരിട്ടു സംസാരിക്കുകയും അവര് 800 റിയാല് (US$220) പ്രതിമാസ ശമ്പളവും ഒരു ദിവസം ഓഫും വാഗ്ദാനം ചെയ്തതായി അവള് ആംനെസ്റ്റി ഇന്റര്നാഷണലിനോട് പറഞ്ഞു. എന്നാല് ഇവിടെ എത്തികഴിഞ്ഞപ്പോള് ശമ്പളം 730 റിയാല് (US$200) ഉണ്ടാകൂ എന്നും ഓഫ് ഉണ്ടായിരിക്കില്ലെന്നും അവളെ അവര് അറിയിച്ചു. ആഗസ്റ്റ് 2012 നും മാര്ച്ച് 2013നും ഇടയില് രണ്ടു തവണ ചര്ച്ചില് പോകാന് മാത്രമാണ് അവളെ പുറത്ത് വിട്ടത്

ആംനസ്റ്റി ഇന്റര്നാഷണല് മാര്ച്ച് 2013, ന് അവളോടു സംസാര്ച്ചപ്പോള് ഏഴുമാസം ജോലി ചെയ്തതില് മൂന്നു മാസത്തെ ശമ്പളം മാത്രമാണ് അവള്ക്ക് ലഹിച്ചിരുന്നത്. എന്നാല് വീട്ടിലേക്ക് തിരികെ പോകണമെന്ന അവളുടെ ആവര്ത്തിച്ചുള്ള ആവശ്യവും തൊഴിലുടമ ചെവിക്കൊണ്ടില്ല. ഖത്തറിനു വെളിയിലേക്കുള്ള ഫ്ലൈറ്റ് ടിക്കറ്റ് ചാര്ജ്ജ് US$700 കൊടുത്താല് അനുവദിക്കാം എന്നാണവര് പറഞ്ഞിരുന്നത്. എന്നാല് ശമ്പളം പിടിച്ചു വച്ചിരിക്കുന്നതിനാല് അവള്ക്കത് സാധിക്കുമായിരുന്നില്ല. അവളുടെ ഐഡി കാര്ഡും പാസ്പോര്ട്ടും പിടിച്ചു വച്ചിരിക്കുകയായിരുന്നു. കൂടാതെ ശാരീരികമായി ഉപദ്രവിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു,

## കേസ് സ്റ്റഡി : റേസ




വീട്ടിലെ പാചകക്കാരന്റെ ജോലിക്കായാണ് 2010 ല് ഏഷ്യക്കാരനായ റേസ ഖത്തറില് എത്തിയത്. അയാളെ കൂട്ടികൊണ്ട്പോകാനായി എയര്പോര്ട്ടില് എത്തിയ തൊഴിലുടമ ഇയാളെ നേരെ മരുഭൂമിയില് ഒട്ടകങ്ങളെ പരിചരിക്കാനായാണ് കൊണ്ടു പോയത്. തൊഴില് നിയമങ്ങള് ബാധകമല്ലാത്ത ഒരു തൊഴില് ആയതിനാല് ഇവിടെ ലേബര് ഇന്സ്പെക്ഷന് ഒന്നും നടക്കാറില്ല.

ഖത്തറില് എത്തുന്നതിനു മുമ്പ് 1,000 റിയാല് (US$275) പ്രതിമാസ ശമ്പളം ലഭിക്കും എന്നാണ് റാസയോടു പറഞ്ഞിരുന്നത്, എന്നാല് പ്രതിമാസം 1,000 റിയാല് (US$275) ആണ് കിട്ടിയത്. ഒക്ടോബര് 2012 ല് ആംനസ്റ്റി ഇന്റര്നാഷണല് ഇദ്ദേഹത്തെ കാണുമ്പോള് വെള്ളമോ എയര്കണ്ടീഷണറോ ഇല്ലാത്ത ഒരു ടെന്റില് ആയിരുന്നു താമസം. ഇവിടം വിട്ടു പോകാനോ പള്ളിയില് പോകാനോ അനുവാദം ഉണ്ടായിരുന്നില്ല. ആഴ്ചയില് എഴു ദിവസവും ജോലി തുറന്ന മരുഭൂമിയില് രാവിലെ 5.00 മുതല് രാത്രി 11 വരെ ജോലി. ഇടയില് രണ്ടു മണിക്കൂര് മാത്രം വിശ്രമം.

തനിക്കു ഈ ജോലി വിട്ട് വീട്ടിലേക്കു പോകാന് ആഗ്രഹമുണ്ടെങ്കിലും സ്പോണ്സറോട് പറയാന് പേടിയായിരുന്നു. എന്തെങ്കിലും പറഞ്ഞാല് അയാള്ക്ക് ദേഷ്യം വരും. എല്ലാ ദിവസവും ഭക്ഷണവും വെള്ളെവും എത്തിച്ചു കൊടുത്തിരുന്ന സ്പോണ്സറെ മാത്രം ആശ്രയിച്ചണ് റാസ അവിടെ കഴിഞ്ഞിരുന്നത്.

---

*മുകളില്:* റേസായുടെ ജോലിസ്ഥലം.

*കവര്:* ദോഹ ഇന്ഡകസ്ട്രിയല് ഏരിയയിലെ ഒരു ലേബര് ക്യാമ്പില് തൊഴിലാളികള്, മാര്ച്ച് 2013.

© ആംനസ്റ്റി ഇന്റര്നാഷണല്

## ശുപാര്ശകള്

ഖത്തര് സര്ക്കാര് ചെയ്യേണ്ട കാര്യങ്ങള് :

- പ്രവാസി തൊഴിലാളികളെ അവരുടെ തൊഴിലുടമകളുടെ നിയന്ത്രണത്തില് നിന്നും മോചിപ്പിക്കാനായി സ്പോണ്സര്ഷിപ്പ് നിയമത്തില് അഴിച്ചുപണി നടത്തുക. വിദേശ പൗരന്മാര്ക്ക് അവര് ആഗ്രഹിക്കുന്ന സമയത്ത് നാട്ടില് പോകാന് അനുവദിക്കുക

- ഗാര്ഹിക തൊഴിലാളികളുടെ അവകാശങ്ങള് സംരക്ഷിക്കാനായി തൊഴില് നിയമത്തിന്റെ സംരക്ഷണം അവര്ക്കും ലഭ്യമാക്കുക

- തൊഴിലുടമകള് പ്രവാസി തൊഴിലാളികളെ ചൂഷണം ചെയ്യുന്നതും അവര്ക്കെതിരെ അതിക്രമം കാട്ടുന്നതും തടയാന് തൊഴില് നിയമങ്ങളില് സംരക്ഷണം ഉറപ്പാക്കുകയും കുറ്റക്കാര്ക്കെതിരെ നടപടികളെടുക്കുകയും ചെയ്യുക.

ഖത്തര് 2022 ഓര്ഗനൈസിംഗ് കമ്മിറ്റിയും ഖത്തറില് പ്രവര്ത്തനം നടത്തുന്ന പ്രധാന കെട്ടിട നിര്മാണ കമ്പനികളും ചെയ്യേണ്ടതാണ്:

- മനുഷ്യാവകാശങ്ങളെ മാനിക്കുമെന്ന് പരസ്യമായി പ്രതിജ്ഞയെടുക്കുക. അവരുടെ പ്രവര്ത്ത നങ്ങള് മൂലം ഉണ്ടായേക്കാവുന്ന അതിക്രമങ്ങള് തടയാന് ആവശ്യമായ സംവിധാനങ്ങള് ഏര്പ്പെടുടുത്തുക. - മറ്റുള്ളവരില് നിന്ന്, പ്രത്യേകിച്ചും സബ് കോണ്ട്രാപക്ടര്മാ്രില്നി ന്നും സപ്ലെയര്മാകരില് നിന്നും ഉണ്ടാകാവുന്ന അതിക്രമങ്ങള് കണക്കിലെടുക്കുകയും അവ ഉണ്ടാകാനിടയുള്ള ഇടങ്ങളില് പ്രതിരോധ നടപടികള് സ്വീകരിക്കുകയും ചെയ്യുക.

പ്രവാസി തൊഴിലാളികളുടെ സ്വന്തം രാജ്യത്തെ സര്ക്കാപരുകള് ചെയ്യേണ്ടത്:

- ഇരകള്ക്കായി കാത്തിരിക്കുന്ന, വ്യാജ പ്രതീക്ഷകള് നല്കി ആളുകളെ റിക്രൂട്ട് ചെയ്ത് അയക്കുയും വ്യാജ കരാര് ഉണ്ടാക്കാന് കൂട്ടു നില്ക്കുകയും ചെയ്യുന്ന റിക്രൂട്ടിംഗ് ഏജന്റുമാരില് നിന്നും തങ്ങളുടെ പൗരന്മാരെ സംരക്ഷിക്കുക

AMNESTY INTERNATIONAL

ആംനസ്റ്റി ഇന്റര്നാഷണല് 3 ദശലക്ഷം പിന്തുണക്കാരുടെയും അംഗങ്ങളുടെയും പിന്തുണയുള്ള ഒരു ആഗോള പ്രസ്ഥാനം ആണ്. മനുഷ്യാവകാശങ്ങള് ചവിട്ടിമെതിക്കപ്പെടുന്നതിനെതിരെ 150ല് പരം രാജ്യങ്ങളിലും മേഖലകളിലും ഇവര് പ്രവര്ത്തനം നടത്തുന്നു.

യൂണിവേഴ്സല് ഡിക്ലറേഷന് ഓഫ് ഹ്യൂമണ് റൈറ്റ്സ്, മറ്റു അന്താരാഷ്ട്ര മനുഷ്യാവകാശ നിലവാരം എന്നിവയില് പറഞ്ഞിരിക്കുന്ന എല്ലാ അവകാശങ്ങളും എല്ലാ മനുഷ്യര്ക്കും ലഭ്യമാക്കുകയാണ് ഞങ്ങളുടെ ദര്ശനം

ഞങ്ങള് ഏതെങ്കിലും സര്ക്കാര്, രാഷ്ട്രീയ ആശയങ്ങള്, സാമ്പത്തിക താല്പര്യങ്ങള് അല്ലെങ്കില് മതം എന്നിവയില് നിന്നും സ്വതന്ത്രമായി പ്രവര്ത്തിക്കുന്നവരാണ്. പ്രവര്ത്തനത്തിനുള്ള ഫണ്ട് പ്രധാനമായും അംഗങ്ങളില് നിന്നും പൊതു ജനങ്ങളില് നിന്നും സംഭാവന പിരിക്കുന്നതാണ്.

സൂചകം: MDE 22/011/2013
Malayalam

നവംബര് 2013

Amnesty International
International Secretariat
Peter Benenson House
1 Easton Street
London WC1X 0DW
United Kingdom

amnesty.org